കുറിച്ചുള്ള തർക്കങ്ങൾ അവർ പറഞ്ഞിരുന്നു. ഈ ഗവൺമെന്റ് സ്ട്രിക്റ്റ് നോംസ് അനുസരിച്ച് മാത്രമേ പോകുകയുള്ളൂ. ഈ ഗവൺമെന്റ് അവർക്കാവശ്യമായ വിധത്തിലുള്ള സൗകര്യങ്ങൾ എല്ലാം ചെയ്തുകൊടുക്കും; അതോടൊപ്പം ഈ സമൂഹം അവരിൽനിന്ന് പ്രതീക്ഷിക്കുന്ന സഹായങ്ങൾ അവരും ചെയ്തുകൊടുക്കണം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും കണക്കിലെടുത്തുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തര അന്വേഷണം നടത്താൻ തീരുമാനമെടുത്തിരിക്കുകയാണ്. ഒരു ഭിഷഗ്വരനായ ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ അഡീഷണൽ സെക്രട്ടറി ഡോക്ടർ രാജൻ ഖൊബ്രഗഡെയോട് ഇക്കാര്യത്തെക്കുറിച്ച് അടിയന്തര അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ആ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാലുടൻ ഗവൺമെന്റ് ഉചിതമായ നടപടികൾ എടുക്കുന്നതാണ്. ഇതിനോട് ഡോക്ടർ കമ്മ്യൂണിറ്റിയിലുള്ള നല്ലവരായ മുഴുവൻ ആളുകളും സഹകരിക്കണമെന്നാണ് ഗവൺമെന്റിന്റെ അഭ്യർത്ഥന. സാധാരണഗതിയിൽ ഇതിനകത്ത് ധാരാളം ട്രേഡ് യൂണിയനിസം വരും. യാതൊരു കാരണവശാലും ഇതുപോലുള്ള മനുഷ്യത്വരഹിതമായ കാര്യത്തിൽ ചേരിതിരിവ് ഉണ്ടാകരുത്. ഇക്കാര്യത്തിൽ എല്ലാവരും ഒരുമിച്ച് നിൽക്കണം. ഗവൺമെന്റ് നിശ്ചയമായും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(2) തൃക്കരിപ്പൂർ മണ്ഡലത്തിലെ ഏഴിമല-ബാംഗ്ലൂർ പാതയുടെ തുടർച്ചയായി കർണ്ണാടക സംസ്ഥാനത്തിലെ തലക്കാവേരി-ബാംഗ്ലൂർ റോഡ്കൂടി പൂർത്തിയാക്കണമെന്ന ആവശ്യം

ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: സർ, തൃക്കരിപ്പൂർ-പയ്യന്നൂർ നിയോജകമണ്ഡലങ്ങളിൽ ഏതാണ്ട് 15-ഓളം പഞ്ചായത്തുകളിൽനിന്ന് 100 കിലോമീറ്റർ ദൂരം കുറഞ്ഞ് ബാംഗ്ലൂരിൽ എത്തിച്ചേരാൻ കഴിയുന്ന പയ്യന്നൂർ നാവിക അക്കാഡമി പുളിങ്ങോത്ത്-തലക്കാവേരി-ബാംഗ്ലൂർ പാതയുടെ പ്രധാന ഭാഗമായ കേരളത്തിലെ പുളിങ്ങോത്ത് പാലവും അനുബന്ധ റോഡും നിർമ്മിക്കാൻ സി.ആർ.എഫ്.-ൽ നിന്ന് അമ്പത കോടി രൂപ ലഭ്യമായ സാഹചര്യത്തിൽ ഇത് പൂർത്തീകരിക്കാൻ കഴിയണമെങ്കിൽ കേരളാ അതിർത്തിയോട് തൊട്ടുള്ള കർണ്ണാടക അതിർത്തിയിൽ 18 കിലോമീറ്റർ ദൂരത്തിലുള്ള റോഡ് ഗതാഗതയോഗ്യമാക്കണം. ആ ഭാഗംകൂടി ഗതാഗതയോഗ്യമാക്കിയാൽ മാത്രമേ ഈ അന്തർസംസ്ഥാന പാത ഉപയോഗപ്പെടുത്താൻ കഴിയൂ. അതുകൊണ്ട് ഈ ഭാഗത്തെക്കൂടി ഗതാഗതയോഗ്യമാക്കാൻ കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഇടപെടണമെന്നഭ്യർത്ഥിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ച് ഇപ്പോൾ പുളിങ്ങോത്ത് പാലവും അനുബന്ധ റോഡും അമ്പതകോടി രൂപ ചെലവഴിച്ച് പ്രവൃത്തി ആരംഭിക്കുകയാണ്. പുളിങ്ങോത്ത്-ഏഴിമല-ബാംഗ്ലൂർ അന്തർസംസ്ഥാന പാതയുടെ ഭാഗമായി കർണാടക സംസ്ഥാനത്തിലെ തലക്കാവേരി-ബാഗമണ്ഡലം-ബാംഗ്ലൂർ റോഡുകൂടി പൂർത്തിയാക്കി പ്രസ്തുത അന്തർസംസ്ഥാന പാത യാഥാർത്ഥ്യമാക്കുന്നതിന് കർണ്ണാടക സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രി ഒരു കത്ത് ഇതിനകം അയച്ചുകഴിഞ്ഞിട്ടുണ്ട്. അത് ഇനി കർണാടക സർക്കാർ ഏറ്റെടുത്ത്, എത്രയുംപെട്ടെന്ന് ആ റോഡുകൂടി യാത്രായോഗ്യമാക്കുന്നതിനുവേണ്ടി സമ്മർദ്ദം ചെലുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly